പദ്ധതി തയ്യാറാക്കുന്നതിനുള്ള വിശദമായ ഒരു യോഗം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇന്ന് വൈകുന്നേരം നാലുമണിക്ക് നിയസഭാ സമുച്ചയത്തിലെ 610-ാം നമ്പർ മുറിയിൽ ചേരുന്നുണ്ട്. താറാവ് കർഷകരുടെ ആശങ്കകൾ അകറ്റി അവരെ വീണ്ടും ഈ മേഖലയിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിന് കർഷക പ്രതിനിധികൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന സമിതിയുടെ നേതൃത്വത്തിൽ അഭിപ്രായ സമന്വയത്തിലൂടെ തയ്യാറാക്കുന്ന കർമ്മ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

11.00 AM]

(9) കൂലി വർദ്ധിപ്പിക്കൽ

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിലെ ഏറ്റവും കുറഞ്ഞ കൂലി ലഭിക്കുന്ന ഒരു വിഭാഗമാണ് ഓട്ടുകമ്പനി തൊഴിലാളികൾ. 5 വർഷത്തിലൊരിക്കലാണ് അവരുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നത്. ഓട്ടുകമ്പനി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചിട്ട് ഇപ്പോൾ 5 വർഷം കഴിഞ്ഞു. വിലക്കയറ്റവും ജീവിതഭാരവും വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഓട്ടുകമ്പനി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഓട് വ്യവസായത്തൊഴിലാളികളുടെ കാര്യം വളരെ പ്രയാസംതന്നെയാണ്. ഇതുസംബന്ധിച്ച് 4-10-2011-ൽ, മിനിമം വേജസ് ആക്ടിന്റെ പ്രൊവിഷൻ വച്ചുകൊണ്ട് ഒരു പ്രിലിമിനറി നോട്ടിഫിക്കേഷൻ ഇറക്കുകയും തെളിവുകൾ എടുത്തതിനുശേഷം അത് മിനിമം വേജസ് അഡ്വൈസറി കമ്മിറ്റിക്ക് പോകുകയും ചെയ്തു. അഡ്വൈസറി കമ്മിറ്റിയുടെ റെക്കമെന്റേഷൻ അനുസരിച്ച് 6-2-2014-ൽ മിനിമം വേജ് നിജപ്പെടുത്തിക്കൊണ്ടുള്ള നോട്ടിഫിക്കേഷൻ ഇറക്കിക്കഴിഞ്ഞു. അത് പ്രാബല്യത്തിൽ വന്നുകഴിഞ്ഞു.

(10) കർഷകർ വച്ചുപിടിപ്പിച്ച മരങ്ങൾ മുറിച്ചു നീക്കൽ

ശ്രീ. റ്റി. യു. കുരുവിള: സർ, കോതമംഗലത്ത് കുട്ടമ്പുഴ പഞ്ചായത്തിൽ, പട്ടയ ഭൂമി കൊടുത്തിരിക്കുന്ന വടാട്ടുപാറ, ഇടമലയാർ എന്നീ സ്ഥലങ്ങളിലെ കർഷകർ നട്ടുവളർത്തുന്ന മരങ്ങൾ വെട്ടിമാറ്റുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് തടസ്സം

LIBRARY ARCHIVES Kerala Legislative Assembly

നില്ക്കുകയാണ്. പട്ടയം കൊടുത്തപ്പോൾ 'പ്രത്യേകം പറഞ്ഞിട്ടുള്ള മരങ്ങൾ' ഒഴിച്ച് ബാക്കി മരങ്ങൾ വെട്ടിമാറ്റുന്നതിന് അവർക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്നു. എന്നാലിപ്പോൾ അവർ സ്വന്തമായി നട്ടുവളർത്തുന്ന പ്ലാവ്, മാവ് മുതലായ മരങ്ങളും പ്രകൃതിക്ഷോഭത്തിൽ കടപുഴകി വീടുകൾക്കുമേൽ വീണ് തടഞ്ഞിരിക്കുന്ന മരങ്ങളും വെട്ടിമാറ്റുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്ന് അനുവാദം കിട്ടുന്നില്ല. പട്ടയത്തിൽ 'പ്രത്യേകം പറഞ്ഞിട്ടുള്ള മരങ്ങൾ' എന്നാണ് പറഞ്ഞിരിക്കുന്നത്. പക്ഷെ ഡിപ്പാർട്ടുമെന്റ് എല്ലാ മരങ്ങളെയും അതിൽ ഉൾപ്പെടുത്തുന്നു. ആ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഞാൻ ഉന്നയിക്കുന്നത്. കർഷകരെ ബുദ്ധിമുട്ടിക്കാതെ, അവർ നട്ടുവളർത്തുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അവർക്ക് അനുവാദം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, പട്ടയം നല്കിയ ഭൂമിയിൽ പട്ടയ ഉടമ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുവാൻ ചട്ടത്തിൽ തടസ്സം കാണുന്നില്ല. എന്നാൽ പട്ടയം നല്കുമ്പോൾ ടി ഭൂമിയിൽ നിലവിലുള്ള ചട്ടപ്രകാരം റിസർവ് ചെയ്തിട്ടുള്ള മരം മുറിച്ചു മാറ്റുന്നതിനുള്ള അനുമതി നല്കുന്ന വിധത്തിൽ ചട്ടത്തിൽ ഭേദഗതി വരുത്തുവാൻ തീരുമാനിക്കുകയും ആയതുപ്രകാരം പട്ടയഭൂമിയിലെ ചന്ദന മരമൊഴികെ തേക്ക്, ഈട്ടി, എബണി എന്നിവ വനംവകുപ്പിന്റെ അനുമതിയോടെ മുറിച്ചുമാറ്റുന്നതിനുള്ള അനുവാദം നല്കുന്ന വിധത്തിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1970-ലെ ഫോറസ്റ്റ് ലാൻഡ് ചട്ടങ്ങൾ എന്നിവയിൽ ഭേദഗതി വരുത്തുന്നതുമായി ബന്ധപ്പെട്ട് ഫയലുകൾ വനം വകുപ്പിന്റെ പരിഗണനയിലുമാണ്. ഇക്കാര്യം ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമായി ഞാൻ ചർച്ച ചെയ്യുകയുണ്ടായി. പട്ടയ ഭൂമിയിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത മരങ്ങൾ, പ്രത്യേകിച്ച് കർഷകർ വച്ചുപിടിപ്പിച്ചിട്ടുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് യാതൊരു തടസ്സവും ഇല്ലായെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. ഇക്കാര്യത്തിൽ ഡിപ്പാർട്ടുമെന്റിന് ആവശ്യമായ നിർദ്ദേശം നല്കിയിട്ടുണ്ടെന്നും, നല്കിയിട്ടില്ലായെങ്കിൽ അത് ഉടനെ നല്കിക്കൊള്ളാം എന്നും പറഞ്ഞിട്ടുണ്ട്. പല മേഖലകളിലും വനംവകുപ്പിന്റെ ചില തടസ്സവാദങ്ങൾമൂലം കർഷകർ വച്ചുപിടിപ്പിച്ച മരങ്ങൾ മുറിച്ചുമാറ്റുവാനുള്ള അനുമതി ലഭ്യമാകാതിരിക്കുന്നുണ്ട്. കേരളത്തിന്റെ വിവിധ മേഖലകളിൽ കർഷകർ അനുഭവിക്കുന്ന ഒരു വലിയ ദുരിതമായി ഇത് മാറിയിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് അടിയന്തരമായി തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly